16-5-2017-ലെ സ.ഉ(പി)നം.65/2017/ധന. ഉത്തരവ് പ്രകാരം സർക്കാർ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 1-4-2012 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ തിരിച്ചടവ് തുടങ്ങിയതും നിഷ്ക്രിയ ആസ്തി ആകാത്തതുമായ വായ്പയെടുത്ത അപേക്ഷകർക്ക് 2016-17 മുതൽ 2019-20 വരെയുള്ള 4 വർഷകാലയളവിലേയ്ക്ക് വാർഷിക തിരിച്ചടവ് തുകയുടെ ഒരു നിശ്ചിത ശതമാനം തുക സർക്കാർ തിരിച്ചടവ് സഹായമായി നൽകിവരുന്നു. കൂടാതെ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും 31-3-2016-ൽ നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിനും സർക്കാർ സഹായം നൽകിവരുന്നു. പദ്ധതിയിലേയ്ക്കുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ പോർട്ടൽ വഴി 31-1-2018 വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചിരുന്നു. പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് ബാങ്ക് പരിശോധിച്ച് എസ്.എൽ.ബി.സി.-യുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിച്ച 20,933 അപേക്ഷകളിലായി ഇതുവരെ ആകെ 207.29 കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ

14(3435) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബഡ്ജറ്റ് പ്രസംഗങ്ങളിൽ കിഫ്ബി പദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചതോ കൃാബിനറ്റ് അംഗീകാരം നേടിയതോ ആയ പദ്ധതികളാണ് 24-2-2018-ലെ സ.ഉ.(കൈ)നം.69/2018/ധന മാനദണ്ഡപ്രകാരം കിഫ്ബിയുടെ സാമ്പത്തിക സഹായത്തിനായി പരിഗണിക്കുന്നത്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പദ്ധതികൾ ഇപ്രകാരം ഏറ്റെടുത്തിട്ടുണ്ട്?

ഇല്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്,

LIBRARY ARCHIVES Kerala Legislative Assembly